ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ പരാതി കിട്ടിയിട്ടുള്ളപ്പോഴെല്ലാം അവയെപ്പറ്റി അപ്പഴപ്പോൾ അന്വേഷണം നടത്തുകയും കൈക്കൂലി വാങ്ങിയിട്ടുണ്ടെന്നു് ബോദ്ധ്യപ്പെട്ടിട്ടുള്ള ആളുകളുടെ പേരിൽ വേണ്ട നടപടികളും നടത്തുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ വക പരാതികളും അന്വേഷിക്കാൻ ആരെയാണു് ചുമതലപ്പെടുത്തുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള. അതിലേക്കു് ആവശ്യമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇതെപ്പറ്റി അന്വേഷണം നടത്താൻ അതായതു് മേലുദ്യോഗസ്ഥന്മാരേയാണോ നിയമിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: മേലുദ്യോഗസ്ഥന്മാരേയും ചിലപ്പോൾ മാറ്റ ഉദ്യോഗസ്ഥന്മാരേയും നിയമിക്കും.

കോർട്ടവളപ്പിലെ ഹോസ്റ്റൽ

* ൭൦൪. (നമ്പ) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഹൈക്കോർട്ട മാനേജർ കോർട്ടവളപ്പിൽ ഒരു ഹോസ്റ്റൽ നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു് അനുവാദം വാങ്ങിയിട്ടുണ്ടോ?

(സി) ഈ ഹോസ്റ്റലിനു വിറക ശേഖരിക്കുന്നതു് എവിടെ നിന്നാണു്;

(ഡി) ആ വളപ്പിൽതന്നെ ശേഖരിച്ചിട്ടുള്ള സ്ക്കർവക തടി ഹോസ്റ്റലിനുവേണ്ടി എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഇല്ല.

(ബി, സി, ഡി) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇതിനെപ്പറ്റി വല്ല അന്വേഷണവും നടത്തിയോ?

ശ്രീ. ടി. കെ. നാരായണപിള്ള: അന്വേഷണം നടത്തിയിട്ടാണു് ഉത്തരം പറയുന്നതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കോർട്ട വളപ്പിൽ ഒരു ഹോട്ടൽ നടത്തുന്നതായി ഗവണ്മെണ്ടിനു് അറിവുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഹോസ്റ്റൽ നടത്തുന്നുണ്ടോ എന്നാണു് ഈ ചോദ്യത്തിൽ ചോദിച്ചിട്ടുള്ളതു്. ഹോട്ടൽ ഉണ്ടോ എന്നുള്ള കാര്യം അന്വേഷിച്ചു പറയാം.

MILITARY FORCE

*706. [33] **Sri. Eapen Arakal:** Will Hon'ble Chief Minister be pleased to state.—

(*a*) the total strength of the military force of the Travancore-Cochin State;

(*b*) what is the salary of the Officer Commanding of the State Military forces;

(*c*) how many Officers are there in the State military drawing a salary of Rs. 300 and above; will the Government be pleased to state their names and their ranks?

Sri. T. K. Narayana Pillai: (*a*, *b* and *c*) It is not in public interest to divulge this information.

സാഹിബു് ബഹദൂർ കെ. എ. മുഹമ്മദ്: ബിൽ എഴുതിയല്ലെ ഈ പറഞ്ഞ ഉദ്യോഗസ്ഥൻ ശമ്പളം വാങ്ങിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ബിൽ എഴുതി വാങ്ങിയാലും ആ ഉദ്യോഗസ്ഥനല്ല അതു് അറിയാൻ സാധിക്കുകയുള്ളു.

Sri. Eapen Arakal: Sir, I rise to a point of order. Is information on this a thing which cannot be made available to this House?

Mr. Speaker: The answer given is that in public interest it cannot be divulged.

ശ്രീ. സി. വി. ഇയ്യു: അപ്പോൾ ഇവിടത്തെ കമാൻറിംഗ് ആഫീസർ ശമ്പളം വാങ്ങിക്കുന്നതു് ആരും അറിയാതെയാണോ?

Mr. Speaker: The Hon'ble Minister concerned is of the opinion that it is not in public interest to supply the information to the House. That being so the minister cannot be pressed

LIBRARY ARCHIVES Kerala Legislative Assembly